# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *253 02.04.2013-ൽ മറുപടിയ്ക്ക്

## റോഡുകളുടെ നിലവാരമുയർത്താൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, എം.ഉമ്മർ<br>,, സി.മോയിൻകുട്ടി<br>,, എൻ.എ.നെല്ലിക്കുന്ന് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നാഷണൽ ഹൈവേകളൊഴിച്ചുള്ള റോഡുകളുടെ നിലവാരമുയർത്താൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ; | (എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളായ കോഴിക്കോട്, കൊച്ചി, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം എന്നീ നഗരങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>KSTP-II പദ്ധതിയിൽ ഉൾപ്പെടുത്തി ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി 363 കി.മീ ദൈർഘ്യമുള്ള 6 സംസ്ഥാന പാതകൾ അപ്ഗ്രേഡ് ചെയ്യുന്നതാണ്.<br>സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിലവാരമുയർത്തുന്നതിന്റെ ആദ്യപടിയായി നിലവിലുള്ള റോഡുകളുടെ വീതി വർദ്ധിപ്പിച്ച് വളവുകൾ നിവർത്തി പുനർനിർമ്മിക്കുന്നതിനും അവയുടെ ഉപരിതലം കൂടുതൽ ബലവത്തായ ബി.എം.ആന്റ് ബി.സി ഉപയോഗിച്ച് പുതുക്കി പണിയുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br>സംസ്ഥാനത്തെ തെരഞ്ഞെടുത്ത 1204 കി.മീ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിനായി സംസ്ഥാന റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) നിലവാരമില്ലാത്ത റോഡുകൾ അപകടസാധ്യത വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | പൊതുമരാമത്ത് വകുപ്പ് റോഡുകൾക്കെല്ലാം നടപ്പാത നിർമ്മിക്കുമോ ? | (സി) | KRFB നടപ്പാക്കുന്ന നഗര റോഡുവികസന പദ്ധതികളിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകൾക്കെല്ലാം നടപ്പാതകൾ നിർമ്മിക്കുന്നതാണ്. KSTP പദ്ധതിയിൽ ചെയ്യുന്ന എല്ലാ അപ്ഗ്രഡേഷൻ റോഡുകളുടെ ഇരുവശങ്ങളിലും ആവശ്യമായ സ്ഥലങ്ങളിലും ജംഗ്ഷനുകളിലും കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം നടപ്പാത നിർമ്മിക്കുന്നതിനുള്ള പ്രൊവിഷൻസ് ഉൾപ്പെടുത്തിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പുതുതായി വികസിപ്പിക്കുന്ന റോഡുകളിൽ നടപ്പാത നിർമ്മിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**